# കേരള സർവകലാശാല

നം. പി.ആർ.251/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2017

## എസ്.സി/എസ്.ടി. മേഖലാതലത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ്

## നവംബർ 22–നും 23–നും.

2017–18–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ നവംബർ 22–നും കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിൽ നവംബർ 23–നും ഹാജരാകേണ്ടതാണ്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും അതത് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. പ്രിന്റൗട്ട് കൈവശമില്ലാതെ വരുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. രജിസ്ട്രേഷൻ ഇല്ലാത്തവരേയും ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരെയും യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (340/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 340/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

## എം.എ സംസ്കൃതം വൈവാവോസി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തിയ പി.ജി. കോഴ്സുകളിൽ, എം.എ സംസ്കൃതം 2017 ലെ സപ്ലിമെന്ററി പരീക്ഷയുടെ വൈവാവോസി പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് നവംബർ 24 ന് കാര്യവട്ടത്തെ സംസ്കൃതം ഡിപ്പാർട്ട്മെന്റിൽ വച്ച് നടത്തുന്ന വൈവാവോസിയിൽ പങ്കെടുക്കാവുന്നതാണ്.

## സീറ്റ് ഒഴിവുകളുണ്ട്

കേരള സർവകലാശാലയിലെ മാനേജ്മെന്റ്, ബോട്ടണി എന്നീ വകുപ്പുകളിൽ എസ്സ്.സി/എസ്സ്.റ്റി വിഭാഗങ്ങളിൽ ഏതാനും സീറ്റ് ഒഴിവുകളുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ നവംബർ 11-ന് രാവിലെ 10 മണിക്ക് അതാത് ഡിപ്പാർട്ട്മെന്റുകളിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്.

## ബി.ഡെസ് പരീക്ഷ

കേരള സർവകലാശാല ജനുവരി എട്ടിന് ആരംഭിക്കുന്ന ഒന്നും അഞ്ചും സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡെസ്), ജനുവരി ഒൻപതിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.ഡെസ് പരീക്ഷകളിലേക്ക് പിഴ കൂടാതെ ഡിസംബർ 11 (50 രൂപ പിഴയോടെ ഡിസംബർ 13, 125 രൂപ പിഴയോടെ ഡിസംബർ 15) വരെ ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ജനുവരി 31 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ഡെസ് പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി നാല് (50 രൂപ പിഴയോടെ ജനുവരി ആറ്, 125 രൂപ പിഴയോടെ ജനുവരി എട്ട്) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.ബി.എ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ഡിസംബർ 20-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ (2014 അഡ്മിഷൻ) സപ്ലിമെന്ററിപരീക്ഷയ്ക്കും, ജനുവരി നാലിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ബി.എ (2013, 2014 അഡ്മിഷൻ) സപ്ലിമെന്ററി ഡിഗ്രി പരീക്ഷയ്ക്കും പിഴകൂടാതെ നവംബർ 29 (50 രൂപ പിഴയോടെ ഡിസംബർ ഒന്ന്, 125 രൂപ പിഴയോടെ ജ ഡിസംബർ നാല്) വരെ ഫീസടച്ച് അപേക്ഷിക്കാം. പുറേമേ 200 രൂപ ക്യാമ്പ് ഫീ ആയും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഒരു പരീക്ഷാകേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളു

## മലയാളം കമ്പ്യൂട്ടിംഗ്- ദേശീയ ശില്പശാല

കേരള സർവകലാശാലയുടെ മലയാള വിഭാഗം അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്വെയർ കേന്ദ്ര (ഐ.സി.എഫ്.ഒ.എസ്.എസ്) ത്തിന്റെ സഹകരണത്തോടെ മലയാളം കമ്പ്യൂട്ടിംഗ്- ദേശീയ ശില്പശാല സംഘടിപ്പിക്കുന്നു. നവംബർ 20 - 24 തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ ക്യാമ്പസ് കമ്പ്യൂട്ടർ ഫെസിലിറ്റിയിലാണ് ശില്പശാല നടക്കുന്നത്.

തിരുവനന്തപുരം.
18.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098